പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 739

12/12/2012-ൽ
മറുപടിയ്ക്കു്

**ശബരിമല മാസ്റ്റർ പ്ലാൻ**

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ.
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. മുരളീധരൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനു വേണ്ടി ഹൈപവർ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബെയ്‌ലി പാലവും, അപ്രോച്ച് റോഡും, ശരംകുത്തിയിൽ ക്യൂ കോംപ്ലക്സ്, സ്വാമി അയ്യപ്പൻ റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയാക്കി. നിലയ്ക്കലിൽ രണ്ട് പാർക്കിംഗ് ഗ്രൗണ്ട്, റോഡുകൾ, ഹൈമാസ്റ്റ് ലൈറ്റ്, വാട്ടർ ടാങ്ക്, ചെക്കുഡാം തുടങ്ങിയവയുടെ പണികൾ അവസാന ഘട്ടത്തിലാണ്. കൂടാതെ വലിയ നടപ്പന്തലിന്റെ രണ്ടാം നില, പുതിയ അന്നദാനം കോംപ്ലക്സ്, ആധുനിക രീതിയിലുള്ള പ്രസാദം കോംപ്ലക്സ്, കുന്നാറിൽ പുതിയ ചെക്ക് ഡാം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, റോപ്‌വേ തുടങ്ങി മാസ്റ്റർ പ്ലാനിൽ വിഭാവന ചെയ്യുന്ന പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കും |
| ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമലയിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയായിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | ബി) ബെയ്‌ലി പാലം, അപ്രോച്ച് റോഡ്, ശരംകുത്തിയിലെ ക്യൂ കോംപ്ലക്സ്, സ്വാമി അയ്യപ്പൻ റോഡ് നിർമ്മാണം എന്നിവ പൂർത്തിയാക്കി. നിലയ്ക്കൽ ബേസ് ക്യാമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| സി) ഈ വർഷത്തെ മണ്ഡലകാല തീർത്ഥാടനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | സി) ഈ വർഷത്തെ മണ്ഡലകാല തീർത്ഥാടനം സുഗമമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. അപ്പത്തിന്റെയും അരവണയുടെയും കൂടുതൽ കരുതൽ ശേഖരം.<br>2. സ്വാമി അയ്യപ്പൻ റോഡ് ഗതാഗതയോഗ്യമാക്കി<br>3. സന്നിധാനവും പരിസര പ്രദേശങ്ങളും തീർത്ഥാടന കാലത്തിനു മുമ്പായി അമൃതാനന്ദമയീ മഠത്തിന്റെ സഹകരണ ത്തോടുകൂടി ശുചീകരണം നടത്തി. |

4. നിലയ്ക്കലിൽ പുതുതായി പാർക്കിംഗ് ഗ്രൗണ്ടുകൾ നിർമ്മിച്ചു.
5. സന്നിധാനത്തെ തിരക്കൊഴിവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.
6. തീർത്ഥാടകർക്ക് വിരിവയ്ക്കുവാൻ കൂടുതൽ സൗകര്യം ഒരുക്കി.
7. തിരുമുറ്റത്തെ തിരക്ക് ഒഴിവാക്കുന്നതിനും ഭക്ത ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വഴിപാടുകൾ ബുക്കു ചെയ്യുന്നതിനുമായി വഴിപാടു കൗണ്ടറുകൾ മാറ്റി സ്ഥാപിച്ചു.
8. പരാതികൾ ഉണ്ടാകാത്ത വിധത്തിൽ ഭക്ത ജനങ്ങൾക്ക് മുറികൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു.
9. ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയോഗിച്ചു.
10. ശബരിമലയുമായി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് മുനിസിപ്പാലിറ്റികൾക്കും ശുചീകരണത്തിനായി സ്പെഷ്യൽ ഗ്രാൻറും അനുവദിച്ചു.
11. 67 കോടി രൂപാ ചെലവിൽ ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു; റോഡുകൾ നവീകരിച്ചു.
12. കുടിവെള്ള സംവിധാനം മെച്ചപ്പെടുത്താൻ പമ്പയിൽ നിന്നും സന്നിധാനത്തേക്ക് പാരലൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു.
13. തീർത്ഥാടകർക്ക് വെയിലും മഴയും ഏൽക്കാതെ മല കയറുന്നതിന് എട്ട് പുതിയ നടപ്പന്തലുകൾ നിർമ്മിച്ചു.
14. അടിയന്തിര സന്ദർഭങ്ങൾക്ക് ഉപയോഗിക്കാൻ പമ്പയിൽ പുതിയ സർവ്വീസ് റോഡ് നിർമ്മിച്ചു.
15. രണ്ട് ക്യൂ കോംപ്ലക്സുകൾ നിർമ്മിച്ചു.

| | | | |
|---|---|---|---|
| ഡി) | തീർത്ഥാടന കാലത്ത് സുരക്ഷ ഉറപ്പാക്കുന്നതിന് 'സേഫ്റ്റി മാന്വൽ' പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | സേഫ്റ്റി മാന്വലിലെ നിദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ